# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA-IDK-(10)-619/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 22/06/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-IDK-(10)-619/2022 തീയ്യതി: 22/06/2022

## ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2021 മുതൽ 17-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കിഷോർ തോമസ് എം | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | 18-04-2022 | 25-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-04-2022 | 25-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം.എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീ. എബി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. മുഹമ്മദ് ഫാസിൽ. റ്റി.റ്റി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. മായാ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ബിന്ദു സജീവ് | പ്രസിഡന്റ് | 01-04-2020 | 07-12-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | പ്രസിഡന്റ് | 08-12-2020 | 29-12-2020 |
| ശ്രീ.എം. ലതീഷ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. കെ സിബി ജോസ് | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീമതി. ബി കനകമണി | സെക്രട്ടറി | 10-06-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എം. എ സുബൈർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീമതി. ബിന്ദു ജോസഫ് | അസിസ്റ്റന്റ് സെക്രട്ടറി | 16-06-2020 | 31-03-2021 |
| ശ്രീ വി.കെ ബിജു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി കെ.ജെ ജെയ്സിമോൾ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ റിൻസ് ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 30-11-2020 |
| ശ്രീമതി. ഷാജിത മീരാൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-12-2020 | 31-03-2021 |
| ശ്രീമതി. ജാനറ്റ് എം സേവ്യർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 09-12-2020 |
| ശ്രീമതി. സിന്ധു റ്റി.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-12-2020 | 31-03-2021 |
| ഡോ. ജോസഫ് പി മോസസ്സ് | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. പി. റാഹില | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. റെയ്ച്ചൽ പി. ജോസഫ് | മെഡിക്കൽ ഓഫീസർ , ആരോഗ്യം | 01-04-2020 | 31-03-2021 |
| ഡോ. പി.എം ബിജുരാജ് | വെറ്ററിനറി സർജൻ | 01-04-2020 | 30-06-2020 |
| ഡോ. ഡാലി സി ഡേവിഡ് | വെറ്ററിനറി സർജൻ | 01-07-2020 | 31-03-2021 |
| ശ്രീ എ. എം നസീർ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ എം.പി സുധീഷ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 01-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റെസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം - ACR പ്രകാരം<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 01-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 01-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 21-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 01-06-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 21-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 01-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 21-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 21-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-05-2022) | 1-9 |
| 10 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 21-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-05-2022) | 1-10 |
| 11 | കെട്ടിട വാടക ഇനത്തിൽ കുടിശ്ശിക<br>Written By: Maya Krishnan (Auditor, On 25-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-05-2022) | 1-11 |
| 12 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - അധികമായി പിരിച്ച ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾക്ക് തിരിച്ച് നൽകേണ്ടതാണ്<br>Written By: Maya Krishnan (Auditor, On 27-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 01-06-2022) | 1-12 |
| 13 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല ചെലവ് തടസ്സം - ₹3,00,000/-<br>Written By: Eby Abraham (Senior Grade Auditor, On 24-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 21-06-2022) | 1-13 |
| 14 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ചെലവ് തടസ്സം - ₹7,00,000/-<br>Written By: Eby Abraham (Senior Grade Auditor, On 24-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-05-2022) | 1-14 |
| 15 | ലൈഫ് ഭവന പദ്ധതി - ആവശ്യമായ രേഖകൾ ഹാജരാക്കാതെ ആനുകൂല്യം നൽകി - ചെലവ് തടസ്സം - ₹24,00,000/-<br>Written By: Maya Krishnan (Auditor, On 27-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 01-06-2022) | 1-15 |
| 16 | ദുരന്ത ലഘൂകരണം- അവലോകനം<br>Written By: M.S.Rajeev (Audit Officer, On 30-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 01-06-2022) | 1-16 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Maya Krishnan (Auditor, On 27-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-05-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Maya Krishnan (Auditor, On 27-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 01-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| | Written By: Maya Krishnan (Auditor, On 27-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-05-2022) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Maya Krishnan (Auditor, On 27-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-05-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Maya Krishnan (Auditor, On 27-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Maya Krishnan (Auditor, On 27-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Maya Krishnan (Auditor, On 27-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Maya Krishnan (Auditor, On 27-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-05-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Maya Krishnan (Auditor, On 27-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Maya Krishnan (Auditor, On 27-04-2022)<br>Last Updated By: Kishore Thomas M (Deputy Director, On 22-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Maya Krishnan (Auditor, On 27-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-05-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

17.02.2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ₹2,25,70,811/- മുന്നിരിപ്പും ₹14,41,23,940/- വരവും ₹15,64,56,940/- ചെലവും ₹1,02,37,811/- നീക്കിയിരിപ്പും ഉള്ള ഗ്രാമപഞ്ചായത്തിന്റെ 2020-21-ലെ ബജറ്റ് 09.03.2020-ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതിയുടെ അംഗീകാരം നേടി. 09.02.2021-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം ശുപാർശ ചെയ്തിട്ടുള്ള ₹2,25,70,811/- മുന്നിരിപ്പും ₹1,75,87,200/- വരവും ₹18,69,13,919/- ചെലവും ₹1,15,28,892/- നീക്കിയിരിപ്പും ഉള്ള പരിഷ്കരിച്ച ബജറ്റ് 16.02.2021-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 01-07-2020 | - | - |

### 1-3 സാമ്പത്തിക വിശകലനം (റെസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹23754123 |
| വരവ് | ₹96029221 |
| ആകെ | ₹119783344 |
| ചെലവ് | ₹104267253 |
| നീക്കിയിരിപ്പ് | ₹15516091 |

### 1-4 ഫണ്ട് വിനിയോഗം - ACR പ്രകാരം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 15982824 | 15982824 | 15968323 | 14501 |
| | എസ്.സി.പി | 0 | 2665790 | 2665790 | 2004606 | 661184 |
| | റ്റി.എസ്.പി | 0 | 7452085 | 7452085 | 6341970 | 1110115 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | | 0 | 6310000 | 6310000 | 1470788 | 4839212 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | | 0 | 14647215 | 14647215 | 7797826 | 6849389 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 4506948 | 4506948 | 4375692 | 131256 |
| | റോഡ് | 0 | 20146000 | 20146000 | 19608137 | 537863 |
| കേന്ദ്രാവിഷ്കൃത പദ്ധതി | ഐ.സി.ഡി.എസ് | 880264 | 1636966 | 2517230 | 1748628 | 768602 |
| | പൈക | 8888 | 267 | 9155 | 10 | 9145 |
| | ടോട്ടൽ സാനിറ്റേഷൻ | 1200000 | 0 | 1200000 | 630266 | 569734 |
| സംസ്ഥാനാവിഷ്കൃ പദ്ധതി | എസ്.റ്റി കോർപസ് ഫണ്ട് | 1813276 | 0 | 1813276 | 278169 | 1535107 |
| | ശുചിത്വമിഷൻ | 775256 | 2408029 | 3183285 | 3013776 | 169509 |
| | ജലനിധി | 1434007 | 43408 | 1477415 | 251804 | 1225611 |
| | സാക്ഷരത | 9602 | 288 | 9890 | 10 | 9880 |
| | സ്പെസിഫിക് പർപ്പസ്സ് (Life) | 275718 | 2150000 | 2425718 | 0 | 2425718 |
| വകുപ്പ് ഫണ്ട് | എസ്.റ്റി. വകുപ്പ് ഫണ്ട് | 932065 | 0 | 932065 | 467861 | 464204 |
| വരൾച്ച ദുരിതാശ്വാസ ഗ്രാന്റ് | | 212500 | 0 | 212500 | 0 | 212500 |
| | പ്ലാൻ | 497477 | 6688 | 504165 | 400000 | 104165 |
| | ലൈഫ് | 178128 | 5687324 | 5865452 | 3335661 | 2529791 |

### 1-5 പദ്ധതി അവലോകനം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 259 | 111384051 | 207 | 75247614 | 52 | 80 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | എണ്ണം | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 3827850 | 12 | 2422055 | 63.27 |
| വെറ്ററിനറി സർജൻ | 12 | 10809440 | 8 | 3631960 | 33.6 |
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി. | 6 | 2516000 | 5 | 2408400 | 95.72 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 2 | 300000 | 2 | 300000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 1 | 700000 | 1 | 700000 | 100 |
| വി.ഇ.ഒ. | 13 | 17426042 | 11 | 11083700 | 63.6 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 4398240 | 6 | 3515662 | 79.93 |
| സെക്രട്ടറി – ഗ്രാമപഞ്ചായത്ത് | 32 | 13628818 | 30 | 12832240 | 94.16 |
| അസിസ്റ്റന്റ് എൻജിനീയർ | 158 | 53014009 | 119 | 35307747 | 66.6 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2400000 | 2 | 1000000 | 41.67 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 2363652 | 11 | 2045850 | 86.55 |
| ആകെ | 259 | 111384051 | 207 | 75247614 | |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1609 | 4235611 | 4237220 | 4224852 | 12368 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 37305099 | 37305099 | 37305099 | 0 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 18000 | 27 |

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4089500 | 251 |
| വിധവാ പെൻഷൻ | 10563200 | 689 |
| വാർദ്ധക്യകാല പെൻഷൻ | 36547100 | 2435 |
| വികലാംഗ പെൻഷൻ | 4724500 | 310 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 737500 | 45 |
| വിധവകളായ സ്ത്രീകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 15 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.04.2022 പകൽ 04 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹18,817/-യുടെ ബാലൻസ് ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ യഥാസമയം ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ചു നൽകിയിട്ടുണ്ട്.

2. വസ്തു നികുതി 100% പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടായി.

3. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4. ഡി.സി.ബി രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടാവുന്നു. ഉദാ: വാടക, ലൈസൻസ്, പെർമിറ്റ് രജിസ്റ്റർ

5. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-10 വാർഷിക കണക്കുകളിലെ അപാകതകൾ

1. താഴെ പരാമർശിക്കുന്ന ഇനങ്ങളിൽ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും RP 40(b) പ്രകാരം നീക്കിയിരിപ്പും വ്യത്യാസമുണ്ട്.

| ഇനം | നീക്കിയിരിപ്പ് ₹ | |
|---|---|---|
| | ബി-4 ഷെഡ്യൂൾ പ്രകാരം | RP 40(b) പ്രകാരം |
| പൈക | 8663 | 9145 |
| ജലനിധി (KGB) | 1225611 | 1234167 |

2. വസ്തുതകൾ വ്യക്തമാക്കാതെ Prior Period Items എന്ന ഷെഡ്യൂളിൽ 280800501 എന്ന ഹെഡിൽ ₹180,000/- ഡിമാന്റിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

3.വസ്തു നികുതിയിനത്തിൽ വാർഷിക കണക്കിലെ തുകകളും സഞ്ചയ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | | വാർഷിക കണക്കുകൾ പ്രകാരം | | | സഞ്ചയ പ്രകാരം | | |
|---|---|---|---|---|---|---|---|
| | | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ |
| പാർപ്പിടം | കുടിശിക | 571799 (2019-10 AFS) | 240383 | 331416 | 366908 | 256614 | 111886 |
| | തൻ വർഷം | 1995352 | 1633571 | 459259 | 1898915 | 1628921 | 209546 |
| പാർപ്പിടേതരം | കുടിശിക | 371038 (2019-10 AFS) | 186228 | 184810 | 319515 | 178188 | 141413 |
| | തൻ വർഷം | 1218837 | 975186 | 302748 | 1160346 | 975716 | 177355 |

4. NREGS – തുക നേരിട്ട് കൈമാറിയത് ₹3,73,05,099/-യും അഡ്മിനിസ്ട്രേറ്റീവ് വരവ് ₹42,37,220/-യും ഉൾപ്പെടെ ₹4,15,42,319/-യാണ് ഇൻകം & എക്സ്പെൻഡിച്ചറിൽ ബുക്ക് ചെയ്യേണ്ടത്, എന്നാൽ I-6ൽ ₹4,26,24,157/-യാണ് ബുക്ക് ചെയ്തിട്ടുള്ളത്.

5. KURDFC (ലൈഫ്) ലോൺ തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക ₹1,77,97,136/-യാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക ബി-5 ഷെഡ്യൂൾ പ്രകാരം ₹1,82,23,607/- തെറ്റായാണ് ബുക്ക് ചെയ്തിട്ടുള്ളത്.

6. വാടകയിനത്തിൽ തൻവർഷം ₹9,864/- പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്, എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ തൻവർഷ കുടിശ്ശികയായി യാതൊരു തുകയും ബുക്ക് ചെയ്തിട്ടില്ല.

7. സംയുക്ത പദ്ധതികൾക്കുള്ള ഫണ്ട് വിനിയോഗമായി ബ്ലോക്ക്പഞ്ചായത്ത് വിഹിതമായി ₹30,89,400/-യും ജില്ലാപഞ്ചായത്ത് വിഹിതമായി ₹53,56,460/-യുമാണ് വരവ്. എന്നാൽ വാർഷിക കണക്കിൽ ഇത് യഥാക്രമം ₹1,04,400/-, ₹3,19,770/- എന്നിങ്ങനെ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

1-11 കെട്ടിട വാടക ഇനത്തിൽ കുടിശ്ശിക

1) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ വാടക ഇനത്തിൽ താഴെ സൂചിപ്പിക്കുന്ന പ്രകാരം കുടിശ്ശിക കാണുന്നു.

| വാടകക്കാരന്റെ വിവരം | കെട്ടിട നം. | പ്രതിമാസ വാടക ₹ | കുടിശ്ശിക ₹ | റിമാർക്സ് |
|---|---|---|---|---|
| ജിൽറ്റ് എം. ജോസ് മാണിവേലിൽ, ചീനിക്കുഴി | V/147 | 822 | 822*12=9864 | വാടക കരാർ ഉണ്ട് |

ടി വാടകക്കാരനിൽ നിന്ന് കുടിശ്ശിക ഈടാക്കുന്നതിന് പഞ്ചായത്ത് വർഷാവസാനം കത്ത് നൽകുകയും 2021-22ൽ കടമുറി ഒഴിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കുടിശ്ശികക്കാരനിൽ നിന്ന് തുക അടിയന്തിരമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്. വാടക്കാരൻ കുടിശ്ശിക തുക ഒടുക്കാത്തപക്ഷം അതത് കാലത്തെ സെക്രട്ടറിമാരിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2) കോവിഡ് മഹാമാരിക്കാലത്തെ ഇളവുകളിൽപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതതയിലുള്ള കെട്ടിടങ്ങൾക്ക് വാടക ഇളവ് അനുവദിച്ച് 29-06-2020-ലെ സ.ഉ.(സാധാ)നം.1278/2020 പ്രകാരം ഉത്തരവ് ഉണ്ട്. ഇതിലെ നിർദ്ദേശമനുസരിച്ച് വാടകയിളവിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം ഇളവ് അനുവദിക്കുന്ന കാലയളവിൽ പ്രവർത്തിച്ചിരുന്നില്ലെന്ന് അപേക്ഷയോടൊപ്പം സത്യവാങ്മൂലം നൽകേണ്ടതും പഞ്ചായത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് നൽകേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി തീരുമാന പ്രകാരം ഇളവ് അനുവദിക്കേണ്ടതുമാണ്. എന്നാൽ താഴെ സൂചിപ്പിക്കുന്ന വാടകക്കാർക്ക് ഇളവ് നൽകിയപ്പോൾ ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| ക്രമ നം. | വാടകക്കാരന്റെ വിവരം | കെട്ടിട നം. | പ്രതിമാസ വാടക ₹ | ഇളവ് നൽകിയ കാലം/വാടക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | പി.കെ.ജോർജ്ജ് പൊതിയത്ത് | V/149 | 684 | 2020 ഏപ്രിൽ,മെയ് 684*2 | അന്വേഷണ റിപ്പോർട്ടില്ല, കമ്മിറ്റി തീരുമാനം ഇല്ല |
| 2 | രാജൻ വി.എസ്. വട്ടക്കുന്നേൽV/ | V/151 | 714 | 2020 ഏപ്രിൽ,മെയ് 714*2 | അന്വേഷണ റിപ്പോർട്ടില്ല |
| 3 | ബിനോയി തോമസ് പ്ലാപ്പിള്ളിൽ | V/152 | 1737 | 2020 ഏപ്രിൽ,മെയ് 1737*2 | അന്വേഷണ റിപ്പോർട്ടില്ല |
| 4 | ബിനോയി തോമസ് പ്ലാപ്പിള്ളിൽ | V/153 | 411 | 2020 ഏപ്രിൽ,മെയ് 411*2 | അന്വേഷണ റിപ്പോർട്ടില്ല |
| 5 | അജോ അഗസ്റ്റിൻ പള്ളിപ്പുറത്ത് | V/154 | 564 | 2020 ഏപ്രിൽ,മെയ് 564*2 | അന്വേഷണ റിപ്പോർട്ടില്ല |
| 6 | റ്റി.റ്റി.ബൈജു പടിഞ്ഞാറേക്കരയിൽ | V/155 | 377 | 2020 ഏപ്രിൽ,മെയ് 377*2 | അന്വേഷണ റിപ്പോർട്ടില്ല |
| 7 | മോഹനൻ പടിഞ്ഞാറേക്കരയിൽ | V/150 | 819 | 2020 ഏപ്രിൽ,മെയ് 819*2 | അന്വേഷണ റിപ്പോർട്ടില്ല |

ടി ഗുണഭോക്താക്കൾക്ക് വാടകയിളവിന് അർഹതയുണ്ടോ എന്ന് അന്വേഷണം നടത്തി അർഹതയില്ലാത്തവർ ഉണ്ടെങ്കിൽ ഇളവ് നൽകിയ വാടക തിരികെ ഈടാക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിക്കേണ്ടതാണ്.

1-12 ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - അധികമായി പിരിച്ച ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾക്ക് തിരിച്ച് നൽകേണ്ടതാണ്

| | | | | | |
|---|---|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | |
| പ്രോജക്ട് നം. | | | 293/21(SO) | | |
| അടങ്കൽ | ധനകാര്യ കമ്മീഷൻ അവാർഡ് | ₹1,94,400 | ചെലവ് | ധനകാര്യ കമ്മീഷൻ അവാർഡ് | ₹75,000 |
| | | | ചെലവ് | ഗുണഭോക്തൃ വിഹിതം | ₹57,000 |
| | ഗുണഭോക്തൃവിഹിതം | ₹1,70,100 | ബിൽ നം. | 20100952004700306017/30.06.20 | ₹75,000 |
| | | | ബിൽ നം. | 5059300901200012/30-06-20 | ₹57,000 |

വി.ഇ.ഒ. നിർവ്വഹണം നടത്തിയ ഗാർഹിക ബയോ പദ്ധതിയ്ക്കായി ധനകാര്യ കമ്മീഷൻ അവാർഡ് വികസന ഫണ്ട് ഇനത്തിൽ ₹75,000/-ഉം ഗുണഭോക്തൃ വിഹിതമായി ₹57,000/- (ആകെ 13200x10 = ₹1,32,000/-) ബ്ലൂഫ്ലെയിം ബയോ എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. പത്ത് ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ഗുണഭോക്തൃ വിഹിതമായി റോസ്‌ലി ഫ്രാൻസിസ്, ജോണി പി. പി., മാത്യു വർക്കി, അനീഷ് കെ. എബ്രഹാം എന്നിവരിൽ നിന്നും ₹5,700/- വീതവും സെലിനാമ്മ സിറിയക്, ജിനു കുർമ്മുള്ളിൽ, സിറിയക് കെ. ഇ., സജി മാനുവൽ, അശോക് കെ. ഇട്ടൻ, ജോസഫ് കെ. എ. എന്നിവരിൽ നിന്ന് ₹6,000/- വീതവും ഈടാക്കിയിട്ടുണ്ട്. എന്നാൽ ₹5,700/- എന്ന നിരക്കിൽ ₹57,000/- ആണ് ഗുണഭോക്തൃ വിഹിതമായി ചെലവാക്കിയിട്ടുള്ളത്. ബാക്കി തുക ₹300/- വീതം ആകെ ₹1,800/- തനത് ഫണ്ടിൽ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 3/21.04.2022-ന് മറുപടി ഹാജരാക്കിയിട്ടുണ്ട്. 31.12.2018-ലെ സ.ഉ.(സാധാ.)നം.3281/2018/തസ്വഭവ. പ്രകാരം ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് സബ്സിഡിയായി യൂണിറ്റ് കോസ്റ്റിന്റെ 90% അല്ലെങ്കിൽ ₹7,200/-, ഇതിൽ ഏതാണോ കുറവ് അതായിരിക്കണം നൽകേണ്ടത്. മേൽ പദ്ധതി നടപ്പാക്കിയപ്പോൾ പത്ത് ഗുണഭോക്താക്കൾക്ക് സബ്സിഡിയായി 7200x10 = ₹72,000/- മാത്രമാണ് നൽകേണ്ടിയിരുന്നത്. അധികമായി നൽകിയ ₹3,000/- (75000-72000) ഓഡിറ്റിൽ നിരാകരിക്കുന്നു. ഗുണഭോക്തൃവിഹിതം ഇനത്തിൽ തനത് ഫണ്ടിൽ ശേഷിക്കുന്ന ₹1,800/-, ബാക്കി തുകയായ ₹1,200/- ഉൾപ്പെടെ ₹3,000/- തിരികെ അടവാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

### 1-13 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല ചെലവ് തടസ്സം - ₹3,00,000/-

| | |
|---|---|
| പദ്ധതി & നം. | 359/2020-21 – കുടിവെള്ള സൗകര്യം ലഭ്യമാക്കൽ<br>സെന്റ് ജോസഫ് എൽ.പി.എസ്, ഉടുമ്പന്നൂർ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹3,00,000/- (ധനകാര്യ കമ്മീഷൻ) |
| ബിൽ നം., തീയതി, തുക | 20100952003901321002/22.03.2021. ₹3,00,000/- (ധനകാര്യ കമ്മീഷൻ) |

ഉടുമ്പന്നൂർ സെന്റ് ജോസഫ് എൽ.പി. സ്കൂളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുവാൻ കുഴൽ കിണർ കുഴിക്കുന്നതിന് രൂപീകരിച്ച പദ്ധതിയാണിത്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, ഇടുക്കി ജില്ലാ ഓഫീസർക്കാണ് തുക നൽകിയിരിക്കുന്നത്. നാളിതുവരെ പണി പൂർത്തിയാക്കി പമ്പിംഗ് തുടങ്ങിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ആയതിനാൽ ₹3,00,000/-ന്റെ പദ്ധതി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-14 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ചെലവ് തടസ്സം - ₹7,00,000/-

| | |
|---|---|
| പദ്ധതി & നം. | 342/2020-21<br>സ്വാൻ നബാർഡ് പദ്ധതിയിലെ നിലവിലുള്ള പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കൽ -<br>വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | ₹7,00,000/- (ധനകാര്യ കമ്മീഷൻ) |
| ബിൽ നം., തീയതി, തുക | 201009520039013210O3/22.03.2021. ₹7,00,000/- (ധനകാര്യ കമ്മീഷൻ) |

സ്വാൻ നബാർഡ് പദ്ധതിയിലെ നിലവിലുള്ള പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് പഞ്ചായത്തിൽ കുടിവെള്ളം കിട്ടാത്ത സ്ഥലങ്ങളിൽ വെള്ളം എത്തിക്കുന്നതിനാണ് പദ്ധതി. കേരള വാട്ടർ അതോറിറ്റിയ്ക്കാണ് തുക നൽകിയിരിക്കുന്നത്. നാളിതുവരെ പണി പൂർത്തിയാക്കി ജലവിതരണം തുടങ്ങിയിട്ടില്ല. പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നവരേയ്ക്കും ₹7,00,000/-ന്റെ പദ്ധതി ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-15 ലൈഫ് ഭവന പദ്ധതി - ആവശ്യമായ രേഖകൾ ഹാജരാക്കാതെ ആനുകൂല്യം നൽകി - ചെലവ് തടസ്സം - ₹24,00,000/-

താഴെ സൂചിപ്പിക്കുന്ന പട്ടികജാതി/വർഗ്ഗ ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ആനുകൂല്യം നൽകിയപ്പോൾ അതത് വകുപ്പുകളിൽ നിന്ന് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കാതെയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ഭവനരഹിതർ/മുമ്പ് ഇതേ ആനുകൂല്യം കൈപ്പറ്റി പന്ത്രണ്ട് വർഷം കഴിഞ്ഞവർ എന്നിവർക്കാണ് ആനുകൂല്യം നൽകേണ്ടത്. ഇക്കാര്യം തെളിയിക്കുന്ന സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | വിഭാഗം | കൈപ്പറ്റിയ തുക₹ | ബിൽ നം./തീയതി/തുക₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | ആശ ബിനു കരിമരുതുകുന്നേൽ | പട്ടികജാതി | 400000 | 201009520047OO948042/ 15-01-2021 ₹160000/- 20100952004701035733/ 04-02-2021 ₹100000/- 20100952004700307226/ 13-08-2021 ₹100000/- 20100952004700474753/ 26-08-2020 ₹40000/- | പണി പൂർത്തിയാക്കി |
| 2 | സുനിത മനോജ് ചേലകുന്നേൽ | പട്ടികജാതി | 400000 | 20100952004700692510/ 05-11-2020 ₹100000/- 20100952004700362260/ 22-07-2020 ₹100000/- 20100952004700883152/ 28-11-2019 ₹40000/- 20100952004700933648/ 11-12-2019 ₹40000/- 20100952004701493995/ 13-03-2020 ₹120000/- | പണി പൂർത്തിയാക്കി |

| | | | | | |
|---|---|---|---|---|---|
| 3 | സുമതി ശങ്കരൻ<br>നെടിയ പറമ്പിൽ | പട്ടികജാതി | 400000 | 20100952004700692510/<br>05-11-2020<br>₹40000/-<br>20100952004700390953/<br>04-08-2020<br>₹60000/-<br>20100952004700268964/<br>18-06-2020<br>₹40000/-<br>20100952004700135700/<br>07-05-2020<br>₹60000/-<br>20100952004700847577/<br>20-11-2019<br>₹160000/-<br>20100952004700314570/<br>08-07-2019<br>₹40000/- | പണി<br>പൂർത്തിയാക്കി |
| 4 | ലീലാമ്മ രാജപ്പൻ<br>കീരിയാനിക്കൽ | പട്ടികവർഗ്ഗം | 400000 | 2010095200470164466/<br>22-02-2021<br>₹40000/-<br>20100952004700591004/<br>20-09-2019<br>₹40000/-<br>20100952004700728514/<br>24-10-2019<br>₹160000/-<br>20100952004700933646/<br>11-12-2019<br>₹100000/-<br>20100952004701225982/<br>07-02-2020<br>₹60000/- | പണി<br>പൂർത്തിയാക്കി |
| 5 | ലതിക സഹദേവൻ<br>മിറ്റത്തുപാറയ്ക്കൽ | പട്ടികവർഗ്ഗം | 400000 | 20100952004700670278/<br>11-10-2019<br>₹40000/-<br>20100952004700847581/<br>20-11-2019<br>₹160000/-<br>20100952004700135702/<br>07-05-2020<br>₹40000/-<br>20100952004700933646/<br>11-12-2019<br>₹100000/-<br>20100952004701225982/<br>07-02-2020<br>₹60000/- | പണി<br>പൂർത്തിയാക്കി |
| 6 | നിഷ മോഹൻദാസ്<br>കരയാനിക്കൽ<br>മലയിഞ്ചി | പട്ടികവർഗ്ഗം | 400000 | 20100952004700474759/<br>26-08-2020<br>₹40000/- | പണി<br>പൂർത്തിയാക്കി |

| | | | | | |
|---|---|---|---|---|---|
| | | | | 20100952004700310188/ 06-07-2019 ₹40000/- 20100952004701429456/ 07-03-2020 ₹100000/- 20100952004700135702/ 07-05-2020 ₹60000/- 20100952004701225982/ 07-02-2020 ₹160000/- | |

മേൽ സൂചിത ഗുണഭോക്താക്കളുടെ ജാതി, നിലവിലെ ഭവനത്തിന്റെ പഴക്കം എന്നിവ പരിശോധിച്ച് ആനുകൂല്യത്തിനുള്ള അർഹത നിർണ്ണയിക്കാതെയാണ് ആനുകൂല്യ വിതരണം നടത്തിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5/25-04-2022-ന് ഗുണഭോക്താക്കളിൽ നിന്ന് സാക്ഷ്യപത്രങ്ങൾ വാങ്ങുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതുവരെ ടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ആനുകൂല്യമായി നൽകിയ (6x400000) ₹24,00,000/- (ഇരുപത്തിനാല് ലക്ഷം രൂപ)യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 ദുരന്ത ലഘൂകരണം- അവലോകനം

ലോകത്തെ ആകമാനം ബാധിച്ച കോവിഡ് മഹാമാരിയെ ഫലപ്രദമായി നേരിടുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചത്. യഥാസമയം തന്നെ രോഗനിർണ്ണയം നടത്തുന്നതിനും രോഗികളെ കോവിഡ് കെയർ സെന്ററുകളിലേക്ക് എത്തിച്ച് വേണ്ട പരിചരണം ഉറപ്പാക്കുന്നതിനും പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു FLTC
ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. രോഗികളുടെ ഹോം ക്വാറന്റൈനിലായ ബന്ധുക്കൾ, കോവിഡ് വോളന്റിയർമാർ തുടങ്ങിയവരുടെ ഭക്ഷ്യ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ കുടുംബശ്രീ സി.ഡി.എസ്-ന്റെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി കിച്ചൺ സ്ഥാപിച്ച് പ്രവർത്തിച്ചിരുന്നു. ഇതിനായി ₹1,12,364/- ചെലവഴിച്ചിട്ടുണ്ട്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ | ₹545942 |
| FLTC കൾ | ₹29500 |
| കമ്മ്യൂണിറ്റി കിച്ചൺ | ₹112364 |
| ആകെ | ₹687806 |

രോഗികൾക്കും കുടുംബാംഗങ്ങൾക്കും വേണ്ട സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, നോഡൽ ഓഫീസർ/കൺവീനറായും ആരംഭിച്ച ഹെൽപ്പ് ഡെസ്ക് സേവനം തുടരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും RAPID RESPONSE TEAM മെമ്പേഴ്സിനെ പ്രാഥമിക ആരോഗ്യ കേന്ദ്രം വഴി പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്.

ഡയാലിസിസ് ചെയ്യുന്നവർ, അർബുദ രോഗികൾ, ഇതര ഗുരുതര രോഗബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് വികസന ഫണ്ട്, തനത് ഫണ്ട്, റോഡിതര മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉപയോഗിച്ച് പ്രോജക്ട് ഏറ്റെടുത്തിട്ടില്ല എങ്കിലും ബഹുജന പങ്കാളിത്തത്തോടെ അവർക്ക് ജീവൻ രക്ഷാമരുന്ന് എത്തിച്ചുനൽകാൻ കഴിഞ്ഞിട്ടുണ്ട്. കോവിഡ് 19 ധനസഹായമായി സർക്കാരിൽ നിന്ന് ₹5,00,000/- ലഭ്യമായിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു. | - |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1000000 | ലൈഫ് പദ്ധതി | 920000 | 80000 |
| | | 200000 | | 100000 | 100000 |
| | | 200000 | | 40000 | 160000 |
| | | 100000 | പച്ചക്കറിക്കൃഷി ടെറസ്സിലും മുറ്റത്തും പോട്ടിങ്ങ് മിശ്രിതം നിറച്ചത് | 100000 | 0 |
| | | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 255216 | 44784 |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 0 | 100000 |

| | | | | |
|---|---|---|---|---|
| | 500000 | ഇടമറുക് അംഗൻവാടി കെട്ടിട നിർമ്മാണം | 497959 | 2041 |
| | 400000 | ബഡ്സ് സ്കൂൾ നിർമ്മാണം | 0 | 400000 |
| | 94400 | വൃക്ക രോഗികൾക്ക് ഡയാലിസിസ് ധനസഹായം | 0 | 94400 |
| | 100000 | സുഭിക്ഷ കേരളം | 100000 | 0 |
| | 20000 | വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ | 20000 | 0 |
| | 175000 | കിഴക്കൻ പാടം-മൈലാട്ടം പാറ കുടിവെള്ള പദ്ധതി പുനരുദ്ധാരണം | 0 | 175000 |
| ജില്ലാപഞ്ചായത്ത് | 1000000 | ലൈഫ് മിഷൻ | 0 | 1000000 |
| | 536690 | നെൽക്കൃഷി കൂലിച്ചെലവ് സബ്സിഡി | 536690 | 0 |
| | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| | 319770 | നെൽക്കൃഷി കൂലിച്ചെലവ് സബ്സിഡി | 319770 | 0 |
| | 700000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 | 300000 |
| | 2500000 | ബഡ്സ് സ്കൂൾ നിർമ്മാണം | 0 | 2500000 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ. | സ്വാൻ നബാർഡ് പദ്ധതിയിലെ നിലവിലുള്ള പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കൽ | 200100952003901321003/ 22-03-2021 | 700000 | 0 | 700000 |
| ജി.ഡബ്ല്യൂ.ഡി. | സെന്റ് ജോസഫ് എൽ.പിഎസ്. – കുടിവെള്ള സൗകര്യം ലഭ്യമാക്കൽ | 200100952003901321002/ 22-03-2021 | 300000 | 0 | 300000 |
| ഫോറസ്റ്റ് | വേളൂർ-ചപ്പാത്ത് റോഡിൽ ചപ്പാത്ത് നിർമ്മാണം | 200100952003900154282/ 12-03-2021 | 300000 | 300000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– - ഇല്ല – –

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | തൻവർഷ വായ്പ ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | 68108/DB1/14/ തസ്വഭവ തീ.21-01-2015 296126/DB1/15 തസ്വഭവ. തീ.01-02-2016 | 40000000 | 0 | 25353144 | 5749144 | 1250000 | 19604000 |
| ലൈഫ് മിഷൻ | GO(MS)68/2018/ തസ്വഭവ. തീ.18-05-2018 | 3535660 | 3535660 | 16077869 | 1816393 | NIL | 17797136 |

2020-21 ലെ ഓപ്പണിംഗ് ബാലൻസിൽ നിന്നും 2019-20-ലെ ജി.ഒ. പ്രകാരമുള്ള തിരിച്ചടവായ ₹4,26,471/- വാർഷിക കണക്കിൽ കുറവ് ചെയ്തിട്ടില്ല. സംസ്ഥാന വിഹിതമായി ലഭിച്ച ₹3,00,000/- ഹഡ്കോ വായ്പ ഇനത്തിൽ വാർഷിക കണക്കിൽ വരവ് വച്ചിരിക്കുന്നു. 2020-21-ലെ തിരിച്ചടവ് ₹18,16,393/- വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4-6 സ്ഥിര നിക്ഷേപം

-- ഇല്ല --

4-7 ഓഡിറ്റ് റിക്കവറി

-- ഇല്ല --

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

-- ഇല്ല --

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

-- ഇല്ല --

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങൾ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2014-15 | 3-1 | ശ്രീ. റ്റി. ആർ. ഷിബു വി.ഇ.ഒ. | കെ.എസ്.എ.1935/ (സ്പെ. സെൽ.) എസ്.സി.-2/സി.1 2007/28.11.2017 | | - | | - | - | - | 0 | 50000 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹96029221 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹104267253 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3400000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

- - ഇല്ല - -

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 300,000 | ശ്രീമതി ബി. കനകമണി, സെക്രട്ടറി |
| 1-14 | 700,000 | ശ്രീമതി ബി. കനകമണി, സെക്രട്ടറി |
| 1-15 | 20,00,000 | ശ്രീ. റിൻസ് ജോസഫ്, വി.ഇ.ഒ. |
| | 4,00,000 | ശ്രീമതി ഷാജിത മീരാൻ, വി.ഇ.ഒ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- - ഇല്ല - -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- - ഇല്ല - -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി ബി. കനകമണി<br>സെക്രട്ടറി | സെക്രട്ടറി<br>ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് | ഈശ്വരമംഗലം,<br>പയറ്റിങ്ങാക്കുഴി,<br>തളിക്കുഴി പി.ഒ.<br>കിളിമാനൂർ. |
| ശ്രീ. റിൻസ് ജോസഫ്<br>വി.ഇ.ഒ. | വി.ഇ.ഒ.<br>ഉടുമ്പന്നൂർ | കുനമ്മാക്കൽ,<br>കരിമണ്ണൂർ പി.ഒ.<br>പള്ളിക്കാമുറി – 685581 |
| ശ്രീമതി ഷാജിത മീരാൻ<br>വി.ഇ.ഒ. | വി.ഇ.ഒ.<br>തട്ടക്കുഴ | ചൂരവേലിൽ,<br>പെരുമ്പിള്ളിച്ചിറ പി.ഒ.<br>തൊട്ടുപുഴ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ./ഐ.ഡി.കെ-10/882/<br>18/തീ.20.04.2018 | 1 | 22 |
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ-10/882/<br>2018/20.4.2018 | 1 | 3-3 |
| 2004-05 | കെ.എസ്.എ.ഐ.ഡി.കെ-10/882<br>2018/20.4.2018 | 1 | 3-9 |
| 2006-07 | എൽ.എഫ്.ഐ-8 /997/<br>12/03.09.12/10.09.12 | 17 | 2-3(1), 2-4(3), 3-1, 3-2,3-3,<br>3-4, 3-5, 3-6, 3-7, 3-8, 3-10,<br>3-11,3-12, 3-13, 3-14, 4-5,4-6 |
| 2007-08 | എൽ.എഫ്.ഐ-10/1122/<br>11/09.12.11/30.03.12 | 14 | 1-1, 1-2, 2-1, 2-2, 2-3,<br>3-2, 3-3, 3-4, 3-5, 3-6,<br>3-9, 3-10, 3-11, 3-12 |
| 2008-09 | എൽ.എഫ്.ഐ-10/985/12<br>01.09.12 | 16 | 2-1(1), 2-5(i, Ii), 2-6,2-7,<br>3-1, 3-2, 3-4, 3-5, 3-6,<br>3-7,3-9,3-10,3-11,4-5,4-6, |
| 2009-10 | എൽ.എഫ്.ഐ-10/986/12<br>04.09.12 | 16 | 2-2, 2-3(ii), 2-4, 3-2,<br>3-5, 3-6, 3-7, 3-9,3-10,<br>3-12, 3-13, 3-14 |
| 2010-11<br>&<br>2011-12 | എൽ.എഫ്.ഐ-8/1517/<br>13 07.07.14/12.09.14 | 10 | 3-1, 3-2, 3-3, 3-4, 3-5,<br>3-6, 3-7, 3-8,3-9,3-10 |
| 2012-13 | എൽ.എഫ്.ഐ-10/1456/14<br>24.02.15/07.03.15 | 7 | 2-3, 3-2, 3-3, 3-5,<br>3-7, 4-3, 4-4 |
| 2013-14 | എൽ.എഫ്.ഐ-10/842/15<br>28.09.15 | 9 | 2-1, 2-2, 3-1, 3-2,<br>3-3, 3-4,3-5, 4-3, |
| 2014-15 | കെ.എസ്.എ./ഐ.ഡി.കെ-10/1391/ 16/28.09.17 | 15 | 1-12, 2-1, 3-1, 3-2, 3-3,<br>3-4, 3-5, 3-6, 3-7, 3-8,<br>3-9, 3-11, 4-7, 4-8, 4-9 |
| 2015-16 | കെ.എസ്.എ./ഐ.ഡി.കെ-10/1172/<br>17/02.11.17 | 20 | 2-1, 3-2, 3-3, 3-5, 3-6, 3-7,<br>3-8, 3-9, 4-7, 4-8, 4-9 |
| 2016-17 | കെ.എസ്.എ./ഐ.ഡി.കെ-10/559/ 17/01.08.17 | 11 | 1-7, 2-1, 2-2, 2-3,3-1, 3-2,<br>3-3, 3-4, 3-5, 3-6, 3-7,<br>3-8, 3-9, 3-10, 3-11,<br>3-12, 3-14, 4-7, 4-8, 4-9 |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ./ഐ.ഡി.കെ-10/938/ 18/തീ.25.09.2018 | 16 | 1-12, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-5, 3-6, 3-7, 3-8,3-9,4-2,4-8,4-9,4-10 |
| 2018-19 | കെ.എസ്.എ./ഐ.ഡി.കെ-10/965/ 19/തീ.26.11.2019 | 26 | 1-9,1-11,1-12,1-13, 1-14, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-28, 1-29, 1-30, 1-31, 1-32, 1-34, 4-2, 4-3, 4-9, 4-11 |
| 2019-20 | കെ.എസ്.എ./ഐ.ഡി.കെ-10/572/21 തീ.30.06.2021 | 8 | 1-11,1-12,1-13,1-15, 1-16,1-17,1-19,3-2 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്